(സി) ഇനിയും ഈ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത് പരിഹരിച്ച് ഉടൻ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 13-9-2013-ലെ സ.ഉ.(സാധാ.) നമ്പർ 1237/2013/പൊ.മ.വ. പ്രകാരം 9,29,34,027 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 11-7-2014-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുകയും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രവൃത്തി ആരംഭിച്ചു.

ചേമ്പർ ഓഫ് കൊമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴെചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ

265 (1299) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ എൻ.എച്ച്. 17-ൽ ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻമുതൽ അറക്കൽ പാലസ്-താഴെ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 2009-ൽ ഏത് ഉത്തരവുപ്രകാരമാണ് ഭരണാനുമതി നൽകിയത് ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത് ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എപ്പോഴാണ് ; ഏത് കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് ;

(സി) എസ്റ്റിമേറ്റിനേക്കാൾ എത്ര ശതമാനം അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത് ; കരാർ പ്രകാരം എന്നായിരുന്നു പ്രവൃത്തി പൂർത്തീകരിക്കേണ്ടത് ;

(ഡി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്തുകൊണ്ടാണ് ;

(ഇ) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനോ തയ്യാറാകാത്ത കരാറുകാരന്റെ അഭ്യർത്ഥനപ്രകാരം എസ്റ്റിമേറ്റിനേക്കാൾ എത്രശതമാനം അധികരിച്ച തുകയാണ് ഇപ്പോൾ പുതുക്കിയ ഭരണാനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏത് ഉത്തരവു പ്രകാരമാണ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത് : എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ;

(ജി) 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ടെൻഡർ ചെയ്യാതിരുന്നതെന്തുകൊണ്ടാണ്; 2009-ലെ ഭരണാനുമതി പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരനെത്തന്നെ പുതുക്കിയ നിരക്കിലുള്ള കരാർ ഏൽപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂരിൽ എൻ.എച്ച്.17-ൽ ചേംബർ ഓഫ് കൊമേഴ്സ് ജംഗ്ഷൻമുതൽ അറക്കൽ പാലസ് - താഴെ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/09/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

(ബി) 10-3-2011-നാണ് ടെണ്ടർ ചെയ്തത്. ശ്രീ. കെ. മനോഹരനാണ് കരാറുകാരൻ.

(സി) 19% അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത്. കരാർ പ്രകാരം 27-8-2012 -ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു.

(ഡി) റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നത്.

(ഇ) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ പൂർത്തീകരിക്കുവാനോ സാധിക്കാതെ വന്നത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ്. പഴയ എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും തമ്മിൽ 67%-ന്റെ വർദ്ധനവാണ് ഉള്ളത്.

(എഫ്) 1-3-2014-ലെ സ.ഉ. (സാധാ.) നമ്പർ 335/14/പൊ.മ.വ. പ്രകാരം 815 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) റോഡ് നവീകരണത്തിനാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്നത്. 2014 ജനുവരി മാസത്തിലാണ് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറാൻ തയ്യാറായ വിവരം നഗരസഭ അറിയിച്ചത്. 2012 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2014-ൽ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, ടെണ്ടർ വർദ്ധനവ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് അതേ കരാറുകാരനെത്തന്നെ പ്രവൃത്തി ഏൽപ്പിച്ചത്.

മണലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികൾ

266 (1300) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ :

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

നാട്ടിക പഴവിൽ പാലം നിർമ്മാണം

267 (1301) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പഴവിൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനും കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ :

(ബി) പാലം നിർമ്മാണത്തിന് വേണ്ടിവരുന്ന ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ എന്നും ഇല്ലെങ്കിൽ പ്രധാന തടസ്സങ്ങൾ എന്താണെന്നും അറിയിക്കുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly